# പതിനഞ്ചാം കേരള നിയമസഭ
# ഒന്നാം സമ്മേളനം
# ബഹു സ്പീക്കറുടെ റൂളിംഗ്

10-06-2021

## (12) ആക്ടിന് വിരുദ്ധമായ വ്യവസ്ഥ ബില്ലിൽ ഉൾപ്പെടുത്തിയത് സംബന്ധിച്ച്

2021 ജൂൺ 10-ാം തീയതി ധനകാര്യം പരിഗണിക്കുന്നതിന് മുമ്പ്, 1985-ലെ കേരള പ്രൊവിഷണൽ കളക്ഷൻ ഓഫ് റവന്യൂസ് ആക്ടിലെ സെക്ഷൻ 3-ന് വിരുദ്ധമായിട്ടാണ് 2021-ലെ കേരള ധനകാര്യ ബില്ലിലെ ഖണ്ഡം 8-ന് പ്രാബല്യം കൊടുത്തിരിക്കുന്നതെന്നും ഇത് നിയമവിരുദ്ധമാകയാൽ റൂളിംഗ് നൽകണമെന്നും പ്രതിപക്ഷത്തെ ഒരംഗം ക്രമപ്രശ്നത്തിലൂടെ ആവശ്യപ്പെടുകയുണ്ടായി.

ധനകാര്യ ബില്ലിന്റെ ഡിക്ലറേഷനിൽ 8-ാം വകുപ്പ് സർക്കാർ നിർദ്ദേശിക്കുന്ന ദിവസങ്ങളിൽ പ്രാബല്യത്തിൽ വരുമെന്നാണ് കാണിച്ചിട്ടുള്ളത്. Kerala Provisional Collection of Revenues Act-ലെ വ്യവസ്ഥകൾ ബാധകമല്ലാത്തതിനാൽ ബില്ലിലെ പ്രാരംഭ തീയതി സംബന്ധിച്ച വ്യവസ്ഥ പ്രസ്തുത Act-ലെ വ്യവസ്ഥയ്ക്ക് വിരുദ്ധമല്ലെന്ന് ധനകാര്യ വകുപ്പുമന്ത്രി വിശദീകരണം നൽകുകയുണ്ടായി.

ബഹുമാനപ്പെട്ട സ്പീക്കർ താഴെപ്പറയുന്ന റൂളിംഗ് നൽകി*.

1985-ലെ പ്രൊവിഷണൽ കളക്ഷൻ ഓഫ് റവന്യൂസ് ആക്ടിലെ വ്യവസ്ഥയനുസരിച്ച് ആ നിയമത്തിൽ പ്രസ്താവിച്ചിരിക്കുന്ന പ്രകാരമുള്ള പ്രസ്താവനയോടുകൂടി സഭയിൽ സമർപ്പിക്കുന്ന ബില്ലുകളിലെ വ്യവസ്ഥകൾക്ക് തൊട്ടടുത്തുവരുന്ന ഏപ്രിൽ മാസം 1-ാം തീയതി മുതലോ ബിൽ അവതരിപ്പിക്കുന്ന തീയതി മുതലോ 180 ദിവസം പ്രാബല്യം ഉണ്ടായിരിക്കുന്നതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിൽപ്പോലും അവതരിപ്പിക്കുന്ന ബില്ലിൽ പ്രത്യേകമായി പ്രാബല്യം നിഷ്കർഷിച്ചിട്ടുണ്ടെങ്കിൽ അപ്രകാരം പരാമർശിച്ചിരിക്കുന്ന തീയതികളിലാണ് അവ നിലവിൽ വരുന്നതെന്ന് ഡിക്ലറേഷൻ പ്രസ്താവിക്കുന്നതാണ് കീഴ്‌വഴക്കം. അതിൽ അപാകതയൊന്നും കാണുന്നില്ല. ബില്ലിന്റെ ഖണ്ഡം 8-ന്റെ പ്രാബലയ്ം സംബന്ധിച്ച പരാമർശം ഡിക്ലറേഷനിൽ ഉൾക്കൊള്ളിച്ചിട്ടുള്ളതിനാൽ ബിൽ ക്രമപ്രകാരമാണെന്നും ബില്ലിന്റെ അവതരണത്തിൽ യാതൊരുവിധ ക്രമരാഹിത്യവും ഉണ്ടായിട്ടില്ലെന്നും ചെയർ റൂൾ ചെയ്യുന്നു.

******